(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പുതിയ കെട്ടിടം പൂർത്തീകരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കെട്ടിടം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

നീണ്ടകര മാരികൈടം ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിട നിർമ്മാണം സംബന്ധിച്ച് കരാറുകാരായ മെ.സൗത്ത് ഇൻഡ്യൻ കൺസ്ട്രക്ഷൻസും കൺസൾട്ടന്റായ മെ. അജിത് അസോസിയേറ്റ്സും ബഹു. ഹൈക്കോടതിയിൽ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. ടി കേസ്സുകളുടെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

തിരൂർ മണ്ഡലത്തിൽ തുറമുഖ വകുപ്പിന് കീഴിലെ പ്രവർത്തനങ്ങൾ

279 (1029) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ തുറമുഖ വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) തുറമുഖ വകുപ്പ് സർക്കാരിന്റെ അനുമതിക്കായി നൽകിയ മണ്ഡലത്തിലെ പദ്ധതികളുടെ വിശദവിവരം അറിയിക്കുമോ?

(എ&ബി) തിരൂർ നിയോജകമണ്ഡലത്തിൽ തുറമുഖ വകുപ്പിന്റെ കീഴിൽ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല.

ചരിത്ര സ്മാരകങ്ങളുടെ സംരക്ഷണം

280 (1030) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം കൂടുതൽ ചരിത്ര സ്മാരകങ്ങളെ കണ്ടെത്തുന്നതിനും അവയെ സംരക്ഷിത സ്മാരകങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിനുമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ദേശീയ പ്രാധാന്യമില്ലാത്തതും നൂറു വർഷത്തിലേറെ പഴക്കമുള്ളതും ചരിത്രപരമായും കലാപരമായും പുരാവസ്തുപരമായും പ്രാധാന്യമുള്ളതുമായ സ്മാരകങ്ങളെയാണ് 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം സംരക്ഷിത സ്മാരകങ്ങൾ (പ്രാചീന സ്മാരകങ്ങൾ) ആയി സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. ഇത്തരത്തിൽ പുരാവസ്തു വകുപ്പിന്റെ കീഴിൽ 185 പ്രാചീന സ്മാരകങ്ങൾ നിലവിലുണ്ട്. പുരാവസ്തു വകുപ്പിലെ ഉദ്യോഗസ്ഥരുടെ പരിശോധനയിൽ കണ്ടെത്തുന്നതോ, വ്യക്തികൾ/സ്ഥാപനം/സംഘടന എന്നിവയിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങളിൽ നടത്തുന്ന പരിശോധനയിലൂടെ ശ്രദ്ധയിൽപ്പെടുന്നതോ ആയ സംരക്ഷണയോഗ്യമായ സ്മാരകങ്ങൾ പ്രാചീന സ്മാരകങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സമഗ്രമായ ഫീൽഡ് പരിശോധന നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണം നിലവിൽ ഏതെല്ലാം ജില്ലകളിലാണ് പുരോഗമിക്കുന്നതെന്ന് അറിയിക്കാമോ?

മലപ്പുറം, തിരുവനന്തപുരം, പത്തനംതിട്ട, വയനാട് എന്നീ ജില്ലകളിലാണ് പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണത്തിന് മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങൾ നിലവിൽ പുരോഗമിക്കുന്നത്.

(സി) പുരാവസ്തുവകുപ്പിന്റെ കീഴിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ഉദ്ഖനന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്ഖനന പ്രവർത്തനങ്ങൾ കൂട്ടം ചേർന്നുള്ള ഫീൽഡ് ജോലികളായതിനാൽ കോവിഡ് മഹാമാരിയുടെ വെളിച്ചത്തിൽ നിലവിൽ പുരാവസ്തു വകുപ്പിന്റെ കീഴിൽ ഉത്ഖനന പ്രവർത്തനങ്ങൾ നടക്കുന്നില്ല. 2020-21 ഫീൽഡ് വർഷം ആലപ്പുഴ ജില്ലയിലെ പുറക്കാട്, പത്തനംതിട്ട ജില്ലയിലെ ആറന്മുള എന്നിവിടങ്ങളിൽ ഉത്ഖനന പ്രവർത്തനത്തിന് കേന്ദ്ര പുരാവസ്തു വകുപ്പിന്റെ അനുമതി ലഭിച്ചെങ്കിലും കോവിഡ് സാഹചര്യം കാരണം ഉത്ഖനന പ്രവർത്തനങ്ങൾ നടക്കുകയുണ്ടായില്ല. മേൽ പ്രവർത്തനങ്ങൾക്ക് വീണ്ടും ലൈസൻസ് അനുവദിക്കുന്നതിന് കേന്ദ്ര പുരാവസ്തു വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ട്.

തിരുരങ്ങാടി ഹജ്ജൂർ കച്ചേരി പൈതൃക മ്യൂസിയം

281 (1031) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ തിരുരങ്ങാടി ഹജ്ജൂർ കച്ചേരി പൈതൃക മ്യൂസിയത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?